## SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

### Confirmed Minutes of the 01/24 (214th) Meeting of the Syndicate held on 12.02.2024 at 11.00 a.m at University Head Quarters, Kalady

**Members Present:**

1. ഡോ. എം.വി. നാരായണൻ, വൈസ് ചാൻസലർ, അദ്ധ്യക്ഷൻ - ഒപ്പ്
2. ഡോ. കെ. മുത്തുലക്ഷ്മി, പ്രോ വൈസ് ചാൻസലർ - ഒപ്പ്
3. ഡോ. എം. മണിമോഹനൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
4. ഡോ. ശിവദാസൻ പി, സിൻഡിക്കേറ്റംഗം - ഒപ്പ്
5. പ്രൊഫ. മോഹൻദാസ് എസ്, സിൻഡിക്കേറ്റംഗം - ഒപ്പ്
6. പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
7. ഡോ. രാമൻകുട്ടി പി.വി., സിൻഡിക്കേറ്റംഗം - ഒപ്പ്
8. ഡോ. ടോമി ജോസഫ്, സിൻഡിക്കേറ്റംഗം - ഒപ്പ്
9. ഡോ. സി. എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
10. ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
11. ശ്രീ. എൻ. ആദിൽ ,സിൻഡിക്കേറ്റംഗം, വിദ്യാർത്ഥി പ്രതിനിധി - ഒപ്പ്
12. ഡോ. ബിച്ചു എക്സ് മലയിൽ, സിൻഡിക്കേറ്റംഗം - ഓൺലൈൻ
13. പ്രൊഫ. തോമസ് കെ ജോബ്, സിൻഡിക്കേറ്റംഗം - ഓൺലൈൻ
14. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം - ഓൺലൈൻ
15. ശ്രീ. എൽ.ആർ. സജീവ് കുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് - ഓൺലൈൻ

കൂടാതെ ഡോ. ഉണ്ണികൃഷ്ണൻ പി. (രജിസ്ട്രാർ ഇൻ ചാർജ്ജ്) പങ്കെടുത്തു.

# MAIN AGENDA

## Item No. 1

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

പ്രശസ്ത കവി ശ്രീ എൻ.കെ ദേശം, നാടക നടനും സംവിധായകനുമായ ശ്രീ. പ്രശാന്ത് നാരായണൻ എന്നിവരുടെ നിര്യാണത്തിലും രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു. 19.12.2023 തീയതിയിലെ 213-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. 2024 ജനുവരി 5 മുതൽ 8 വരെ വിശാഖ പട്ടണത്ത് വച്ച് നടന്ന 37-ാം സൗത്ത് സോൺ ഇന്റർ യൂണിവേഴ്സിറ്റി കലോത്സവത്തിൽ ഓവറോൾ സെക്കന്റ് റണ്ണേഴ്സ് അപ്പ് നേടിയ സർവകലാശാല ടീമിലെ എല്ലാ അംഗങ്ങളേയും അഭിനന്ദിക്കുന്നു.
2. 2024 ജനുവരി 9,10,11,12 തീയതികളിൽ ഡോ. ലയന എസ്. ആനന്ദ് (അസിസ്റ്റന്റ് പ്രൊഫസർ, സ്ത്രീ പഠന വിഭാഗം, കാലിക്കറ്റ് സർവ്വകലാശാല), ഡോ. ആശ ആച്ചി ജോസഫ് (ഡീൻ, എസ്. എച്ച്. സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ, എസ്. എച്ച്. കോളേജ്, തേവര), ശ്രീ.കെ. സി. സന്തോഷ് കുമാർ (ജെൻഡർ കൺസൾട്ടന്റ്) എന്നിവരടങ്ങിയ ടീം സർവകലാശാലയിൽ ജൻഡർ ഓഡിറ്റ് നടത്തുകയും അതിന്റെ റിപ്പോർട്ട് സർവകലാശാലയ്ക്കു സമർപ്പിക്കുകയും ചെയ്തു. റിപ്പോർട്ടിലുള്ള ശുപാർശകൾ പരിഗണിച്ച് തുടർ പ്രവർത്തനങ്ങൾ അടിയന്തിരമായി നടത്തി വരുകയും ചെയ്യുന്നുണ്ട് എന്ന് റിപ്പേർട്ട് ചെയ്യുന്നു.

3. ഹിന്ദി വിഭാഗം അദ്ധ്യക്ഷ പ്രൊഫസർ ശ്രീലത കെ യെ 11.01.2024 മുതൽ ഐക്യുഎസി യുടെ ഡയറക്ടർ ആയി നിയമിച്ചു.
4. 2021-22 ലെ മുഖ്യമന്ത്രിയുടെ വിദ്യാർത്ഥി പ്രതിഭാ പുരസ്കാരം നേടിയ സർവകലാശാലയിലെ പൂർവ്വ ബിരുദ വിദ്യാർത്ഥിനികളായ അമൃത രാജ് പി (സംസ്കൃത സാഹിത്യം), നൃഫി ജോൺ (സംസ്കൃത ന്യായം), ഗോപിക കൃഷ്ണ സി.എസ് (മ്യൂസിക്), അനുപമ എൻ.വി (ഭരതനാട്യം) എന്നിവരെ അഭിനന്ദിക്കുന്നു. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവുമാണ് പുരസ്കാരം.
5. ഇന്ത്യയുടെ 75-ാം റിപ്പബ്ലിക് ദിനം 2024 ജനവരി 26-ാം തീയതി സർവകലാശാല ആസ്ഥാനത്ത് ബഹു. പ്രോ വൈസ് ചാൻസലർ ദേശീയ പതാക ഉയർത്തി ആചരിച്ചു.
6. പോളണ്ടിലെ ജെഗ് ലോണിയൻ സർവകലാശാലയിലെ പ്രൊഫസറായ Cezary Galewicz ഫെബ്രുവരി 8 ന് സർവകലാശാല സന്ദർശിക്കുകയും വൈസ് ചാൻസലർ, ഹിസ്റ്ററി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. അഭിലാഷ് എം. എന്നിവരുമായി സംയുക്ത ഗവേഷണ സാധ്യതകളെ ക്കുറിച്ച് പ്രാഥമിക ചർച്ച നടത്തുകയും ചെയ്തു.
7. സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീ. ശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും സെമിനാറുകളും വെബിനാറുകളും ശില്പശാലകളും, സംസ്കൃത പ്രചാരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ മാതൃകാ വിദ്യാലയങ്ങളിൽ സാംസ്കാരിക പരിപാടികളും ഇക്കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

**Item No. 2**

Award of Ph.D Degree

a) Smt. Manju K. in Music [No. EA/PhD/784/SSUS/2023(1)]
b) Smt. Niveditha Sathyan in Sanskrit Nyaya [No. EA/PhD/799/SSUS/2023(1)]
c) Sri. Anishkumar V.K. in Malayalam [No. EA/PhD/805/SSUS/2023(1)]
d) Sri. Shyamraj R. in Malayalam [No.EA/PhD/798/SSUS/2023(1)]
e) Smt. Nusrath Kunnathiyil in Sanskrit Sahitya[No. EA/PhD/754/SSUS/2022(1)]
f) Smt. Sreedevi M. Nair in Sanskrit Nyaya [No. EA/PhD/760/SSUS/2022(1)]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, and the Standing Committee on Examination held on 05.02.2024, it is resolved to award Ph.D to the following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Smt. Manju K. | Faculty of Arts & Social Sciences | 16.12.2023 |
| b) | Smt. Niveditha Sathyan | Faculty of Indian Logic | 14.12.2023 |
| c) | Sri. Anishkumar V.K. | Faculty of Indian Languages | 12.01.2024 |
| d) | Sri. Shyamraj R. | Faculty of Indian Languages | 12.01.2024 |
| e) | Smt. Nusrath Kunnathiyil | Faculty of Sanskrit Literature | 18.12.2023 |
| f) | Smt. Sreedevi M. Nair | Faculty of Indian Logic | 08.12.2023 |

a) Smt. Manju K. in Music under the Faculty of Arts & Social Sciences for the Ph.D thesis titled **"An Analytical Study of Bhava / Rasa in Hindustani and Carnatic Systems of Music",** under the guidance of Dr. Manju Gopal, Associate Professor, Department of Music, SSUS, Kalady.

b) Smt. Niveditha Sathyan in Sanskrit Nyaya under the Faculty of Indian Logic for the Ph.D thesis titled **"Nyayasutravyakhyananam Tulanatmakamadhyayanam (न्यायसूत्रव्याख्यानानां तुलनात्मकमध्ययनम्)",** under the guidance of Dr. V. Vasudevan, Professor, Department of Sanskrit Nyaya, SSUS, RC, Thiruvananthapuram.

c) Sri. Anishkumar V.K. in Malayalam under the Faculty of Indian Languages for the Ph.D thesis titled **“കേരള സംസ്കാരത്തിന്റെ ദളിത് വായന: ജീവചരിത്രങ്ങളെയും അനുഭവാഖ്യാനങ്ങളെയും മുൻനിർത്തിയുള്ള പഠനം”,** under the guidance of Dr. M. Krishnan Nampoothiri, Professor, Department of Malayalam, SSUS, Kalady.

d) Sri. Shyamraj R. in Malayalam under the Faculty of Indian Languages for the Ph.D thesis titled **“എഴുത്തച്ഛൻ എന്ന ഭാവനാസ്വരൂപം: ആധുനികവും ആധുനികപൂർവവുമായ വ്യവഹാരങ്ങളുടെ വിശകലനം”,** under the guidance of Dr. Dileepkumar K.V.,Professor (Rtd.), Department of Malayalam SSUS, Kalady.

e) Smt. Nusrath Kunnathiyil in Sanskrit Sahitya under the Faculty of Sanskrit Literature for the Ph.D thesis titled **“Socio Cultural Facets of Literary Genres: Study Based on Buddhodaya Kāvya of Śānti Bhikṣu Śāstri”,** under the guidance of Dr. C.K. Jayanthi, Professor, Department of Sanskrit Sahitya.

f) Smt. Sreedevi M. Nair in Sanskrit Nyaya under the Faculty of Indian Logic for the Ph.D thesis titled **“Tharkamrtam Ekam Sameekshatmakam Patanam”,** under the guidance of Dr. P.V. Satakopa Tatacharya, Professor, Department of Sanskrit Nyaya, SSUS, Kalady.

## **Item No. 3**

ബി.എഫ്.എ ഗ്രേഡിംഗ് സമ്പ്രദായത്തിൽ 2, 3, 4, 5 സെമസ്റ്ററുകളിലെ പുനർമൂല്യ നിർണ്ണയഫലം പ്രസിദ്ധീകരിച്ചത് സാധൂകരിക്കുന്നതും യു.ജി പ്രോഗ്രാം റിവാല്യുവേഷൻ ഗൈഡ്‌ലൈൻസിലെ ഖണ്ഡികകൾ 8.3, 8.4 ഭേദഗതി ചെയ്യുന്നതും സംബന്ധിച്ച്. (No.E.C/BFA/8341/SSUS/2023)

05.02.2024 ൽ നടന്ന പരീക്ഷ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച യു.ജി പ്രോഗ്രാം റീവാല്യുവേഷൻ Guidelines ലെ 8.3, 8.4 ഖണ്ഡികകളിലെ

1 grade point, 1.5 grade point എന്നുള്ളത് ഒഴിവാക്കി ശതമാനക്കണക്ക് മാത്രം ഉൾപ്പെടുത്തി ഭേദഗതി ചെയ്യാനും അതുപ്രകാരം ബി.എഫ്.എ റിവാല്യുവേഷൻ ഫലം പ്രസിദ്ധീകരിച്ചത് സാധൂകരിക്കാനും തീരുമാനിച്ചു.

## Item No. 4

തിരൂർ, കൊയിലാണ്ടി പ്രാദേശിക കേന്ദ്രങ്ങളിൽ ഉറുദുവിൽ FYUGP മേജർ ആയി ആരംഭിക്കണമെന്ന Kerala Urdu Teachers Association (KUTA) സെക്രട്ടറിയുടെ നിവേദനം സംബന്ധിച്ച്. (No. 04096/ACDB1/SSUS/2023(1))

05.02.2024 ൽ നടന്ന അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് പ്രസ്തുത വിഷയം 2025-26 അദ്ധ്യയന വർഷത്തിൽ പരിഗണിക്കാൻ തീരുമാനിച്ചു.

## Item No. 5

ഉറുദു വിഭാഗം കാലടി മുഖ്യ കേന്ദ്രത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച്. (No. 02907/ADA3/SSUS/2023)

പ്രസ്തുത വിഷയം Stakeholders-മായി ചർച്ച ചെയ്ത് ഉചിതമായ തീരുമാനമെടുക്കുന്നതിന് പ്രൊഫ. ഡി. സലിംകുമാർ കൺവീനറായി, അക്കാദമിക് & റിസർച്ച്, സ്റ്റാഫ് & ലീഗൽ, ഫിനാൻസ് എന്നീ സ്ഥിരം സമിതികളുടെ കൺവീനർമാരെ അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

## Item No. 6

സർവകലാശാല ഹോസ്റ്റൽ/ക്യാമ്പസിൽ സുഗമമായ പ്രവർത്തനങ്ങൾക്കായി കർശനമായും പാലിക്കേണ്ട യുജിസി നിയമങ്ങളും നിയമാവലികളും സർവകലാ ശാലയിൽ നടപ്പിലാക്കുന്നത് - സാധൂകരണം സംബന്ധിച്ച്. [No. 04035/SSC3/ SSUS/ 2023(1)]

06.12.2023 ലെ ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പിൽ നിന്നും ലഭിച്ച G1/200/2023-HEDN നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ, 12.10.2015 ലെ ടി വകുപ്പിന്റെ 26483/G1/15/H.Edn നമ്പർ സർക്കുലർ പ്രകാരമുള്ള സർവകലാശാല ക്യാമ്പസ്സുകളുടെയും ഹോസ്റ്റലുകളുടെയും സുഗമമായ പ്രവർത്തനങ്ങൾക്കായി കർശനമായും പാലിക്കേണ്ട നിർദ്ദേശങ്ങൾ സർവകലാശാലയിൽ നടപ്പിലാക്കാൻ അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No. 7**

മണിപ്പൂരിലെ കലാപബാധിത പ്രദേശങ്ങളിൽ നിന്നുള്ള ആദിവാസി വിദ്യാർത്ഥികൾക്ക് 2023-2024 അക്കാദമിക് വർഷത്തിൽ സർവകലാശാലയിൽ പ്രവേശനം നൽകിയ സർക്കാർ ഉത്തരവ് സംബന്ധിച്ച്. [No. 00127/ACDB2/SSUS/2024(1)

2023-24 അഡ്മിഷൻ പൂർത്തീകരിച്ചതിനാൽ പ്രസ്തുത സർക്കാർ തീരുമാനം 2024-25 അദ്ധ്യയന വർഷത്തിൽ നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചു.

**Item No. 8**

ഫിലോസഫി വകുപ്പിന് കീഴിൽ ആരംഭിക്കുന്ന ടെക്നോ ഫിലോസഫി എന്ന പ്രോഗ്രാം, ഡിപ്ലോമ പ്രോഗ്രാമായി നടത്തുന്നതിന് അനുമതി നൽകിയ നടപടി സാധൂകരിക്കുന്നതു സംബന്ധിച്ചു. [No. 01734/ACDB1/SSUS/2023]

ഫിലോസഫി വകുപ്പിന് കീഴിൽ ആരംഭിക്കുന്ന ടെക്നോ ഫിലോസഫി എന്ന പ്രോഗ്രാം, ഡിപ്ലോമ പ്രോഗ്രാമായി തുടങ്ങുന്നതിനും വിജ്ഞാപനം പുറപ്പെടുവിക്കൽ, സർട്ടിഫിക്കറ്റ് വിതരണം എന്നിവ ഡിപ്പാർട്ട്മെന്റ് തലത്തിൽ നടത്തുന്നതിനും അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 9

പയ്യന്നൂർ പ്രാദേശിക കേന്ദ്രം (2021 അഡ്മിഷൻ) ബി.എ. സംസ്കൃതം വേദാന്തം വിദ്യാർത്ഥികൾക്ക് 2023 ബാച്ച് വിദ്യാർത്ഥികളോടൊപ്പം മൂന്നാം സെമസ്റ്ററിലേയ്ക്ക് പുനഃപ്രവേശനം അനുവദിച്ചത് - സംബന്ധിച്ച്. [No. 01967/ACDB2/SSUS/ 2023(2)]

പയ്യന്നൂർ പ്രാദേശിക കേന്ദ്രം (2021 അഡ്മിഷൻ) ബി.എ. സംസ്കൃതം വേദാന്തം വിദ്യാർത്ഥികളായ വിപിൻ കെ വിജയൻ, അജിത് എം. എന്നിവർക്ക് 2023 ബാച്ച് വിദ്യാർത്ഥികളോടൊപ്പം മൂന്നാം സെമസ്റ്ററിലേയ്ക്ക് പുനഃപ്രവേശനം അനുവദിച്ച ബഹു.വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 10

ന്യൂ ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന GEOHazard Society എന്ന NGO യുമായി ധാരണാപത്രം ഒപ്പിട്ടത് സിൻഡിക്കേറ്റിന്റെ സാധൂകരണത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്. [No. 02307/ACDB1/SSUS/2023(1)]

കാലാവസ്ഥ വ്യതിയാനവും പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട് Research & Development, Capacity Building, Innovative Solutions, Public Awareness & Eucation എന്നീ മേഖലകളിൽ ന്യൂ ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന GEOHazard Society എന്ന NGO യുമായി അക്കാദമിക് സഹകരണത്തിൽ ഏർപ്പെടുന്നതിനായി ലീഗൽ വിഭാഗം പരിശോധിച്ച് സമർപ്പിച്ച കരട് ധാരണാപത്രം അംഗീകരിക്കാനും GEOHazard Society യുമായി ടി ധാരണാപത്രത്തിൽ ഒപ്പിടുവാനുമായി ബഹു. വൈസ് ചാൻസലർ സ്വീകരിച്ച നടപടികൾ സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No. 11**

ഹിസ്റ്ററിയിൽ FYUG പ്രോഗ്രാം കാലടിയിൽ മാത്രം നടത്തുന്നതാണ് പ്രായോഗികമെന്ന ഡിപ്പാർട്ട്മെന്റ് കൗൺസിൽ തീരുമാനം സംബന്ധിച്ച്. [No.01757/ACDB1/SSUS/2023(1)]

സർവകലാശാലയുടെ ഉത്തമ താൽപര്യം പരിഗണിച്ച് ഹിസ്റ്ററിയിൽ FYUG പ്രോഗ്രാം കാലടിയിൽ മാത്രം നടത്തുന്നതാണ് പ്രായോഗികമെന്ന ഡിപ്പാർട്ട്മെന്റ് കൗൺസിൽ തീരുമാനം പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

**Item No. 12**

Pathway provided near gate office-Order dated 30.11.2023 in EP 88/16 of Hon'ble Sub Court, Parur – reg. (No. LGLS/11095/2011/SSUS)

12.01.2024 തീയതിയിലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശകൾ അംഗീകരിക്കാനും Pathway യുമായി ബന്ധപ്പെട്ട തർക്കം പരിഹരിച്ച് നൽകാനും തീരുമാനിച്ചു.

**Item No. 13**

സോഷ്യൽ വർക്ക് വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിന്നും രാജി വെക്കുന്നതിന് ശ്രീ. ബൈജു പി.വി. സമർപ്പിച്ച അപേക്ഷ പരിഗണിച്ച് രാജി അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്. [No. 01667/ ADA3/ SSUS/2023(1)]

സോഷ്യൽ വർക്ക് വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിന്നും രാജി വെക്കുന്നതിന് ശ്രീ. ബൈജു പി.വി. സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 13.10.2022 AN പ്രാബല്യത്തിൽ ടിയാൾക്ക് രാജി അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 14

ശ്രീമതി. ഐഷ എം. എസ്. - സസ്പെൻഷൻ കാലയളവിലെ ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കുന്നത് - സ്റ്റാൻഡിംഗ് കൗൺസിലിന്റെ നിയമോപദേശം സമർപ്പിക്കുന്നത് സംബന്ധിച്ച്. [No. 01956/ADA1/SSUS/ 2023]

വിശദമായി പഠിക്കുന്നതിന് സ്റ്റാഫ് & ലീഗൽ കമ്മിറ്റിയിലേക്ക് സമർപ്പിക്കാൻ തീരുമാനിച്ചു.

## Item No. 15

അനസൂയ ഹോസ്റ്റലിന്റെ റൂഫ് സ്ലാബ് വാട്ടർ പ്രൂഫ് ചെയ്യുന്നത് സംബന്ധിച്ച്. [No. 03052/ ENGG3/SSUS/2023]

അനസൂയ ഹോസ്റ്റലിന്റെ ഒന്നാം നിലയിലെ മുറികളുടെ റൂഫ് സ്ലാബ് വാട്ടർ പ്രൂഫ് ചെയ്യുന്നതിനായി താഴെ പറയുന്നവയ്ക്ക് അനുമതി നൽകാൻ തീരുമാനിച്ചു.

1. പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുക.
2. അസിസ്റ്റന്റ് എഞ്ചിനിയർ (സിവിൽ) സമർപ്പിച്ച ജി.എസ്.ടി കൂടാതെ 1,52,202/- രൂപയും ജി.എസ്.ടി ഉൾപ്പെടെ 1,80,000/- രൂപയും വരുന്ന എസ്റ്റിമേറ്റ് അംഗീകരിക്കുക.
3. പ്രസ്തുത പ്രവൃത്തിയ്ക്കായി സാങ്കേതികാനുമതി നൽകുന്നതിന് സർവകലാശാല എഞ്ചിനീയറുടെ ചുമതല വഹിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുക.
4. പ്രസ്തുത മേഖലയിൽ പ്രാവീണ്യമുള്ള വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ താത്പര്യപത്രം ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുക.

## Item No. 16

199-ാമത് സിൻഡിക്കേറ്റ് മിനുട്സിലെ മെയിൻ അജൻഡ ഇനം നമ്പർ 21, 23 എന്നീ തീരുമാനങ്ങളിൽ രേഖപ്പെടുത്തിയ തീയതികളിലെ തെറ്റ് തിരുത്തുന്നത് സംബന്ധിച്ച്. [No. Ad.D/1418/RTI/SSUS/2023]

10.05.2022 ൽ നടന്ന 199-ാമത് സിൻഡിക്കേറ്റ് മിനുട്സിലെ മെയിൻ അജൻഡ ഇനം നമ്പർ 21, 23 എന്നീ തീരുമാനങ്ങളിൽ ' 22.04.2022 ൽ കൂടിയ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ' എന്ന് രേഖപ്പെടുത്തിയത് '18.03.2022 ൽ കൂടിയ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ' എന്നാക്കി തിരുത്തുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

## Item No. 17

2019 അഡ്മിഷൻ എം.എ സംസ്കൃതം വേദാന്തം വിദ്യാർത്ഥിനി സുകന്യ പി.കെ.യ്ക്ക് പുന:പ്രവേശനം അനുവദിച്ചത് - സിൻഡിക്കേറ്റ് സാധൂകരണം സംബന്ധിച്ച്. [No. 03570/ACDB2/SSUS/2023(1)]

കൊയിലാണ്ടി പ്രാദേശിക കേന്ദ്രം വേദാന്ത വിഭാഗം ടീച്ചർ ഇൻ ചാർജ്ജിന്റെയും ക്യാമ്പസ് ഡയറക്ടറുടെയും ശിപാർശകളും സിലബസിൽ മാറ്റം വന്നിട്ടില്ല എന്ന വസ്തുതയും പരിഗണിച്ച് ടി പ്രാദേശിക കേന്ദ്രം 2019 അഡ്മിഷൻ എം.എ സംസ്കൃതം വേദാന്തം വിദ്യാർത്ഥിനിയായിരുന്ന സുകന്യ പി.കെ. (19KA03VE01) യ്ക്ക് പ്രത്യേക പരിഗണന നൽകി 2022 ബാച്ച് വിദ്യാർത്ഥികൾക്കൊപ്പം നാലാം സെമസ്റ്ററിലേക്ക് പുന:പ്രവേശനം അനുവദിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## **ADDITIONAL AGENDA**

### **Item No. 1**

Show cause Notice dated 23.10.2022 issued by the Chancellor to the Vice Chancellor of the University – Opportunity of personnel hearing and directions fixed by the Hon'ble High Court of Kerala. (No. LGLS/17606/SSUS/2022)

07.02.2024 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 25.01.2024 തീയതിയിലെ WP© 34848/22 നമ്പർ കേസിലെ അപ്പീൽ സാധ്യത സംബന്ധിച്ച് സ്റ്റാൻഡിംഗ് കൗൺസിലിന്റെ അഭിപ്രായം തേടാനും ടി അഭിപ്രായം സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയിൽ സമർപ്പിച്ച് ഉചിത തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിക്കാനും തീരുമാനിച്ചു.

### **Item No. 2**

സർവകലാശാല ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ശ്രീ. ആഷിഖ് എ ഹഖ് ഹാജർപുസ്തകത്തിൽ തിരുത്തലുകൾ വരുത്തി എന്ന വിഷയത്തിലെ റിപ്പോർട്ട് സംബന്ധിച്ച്. [No. Ad.B/11208/SSUS/2018]

അന്വേഷണ കമ്മിറ്റിയുടെ 05/01/2024 തീയതിയിലെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ, 13.12.2021 തീയതിയിലെ കുറ്റാരോപണ മെമ്മോ, ശ്രീ. ആഷിഖ് എ ഹഖ് സമർപ്പിച്ച 29.12.2021 തീയതിയിലെ മറുപടി, ഫയൽ രേഖകൾ, റെക്കോർഡ് ഓഫ് എൻക്വയറി, 07.02.2024 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ എന്നിവ വിശദമായി പരിശോധിച്ച് അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ അംഗീകരിക്കാൻ തീരുമാനിച്ചു. അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾക്കനുസരിച്ച് ശിക്ഷയായി Non Cumulative ആയി ഒരു ഇൻക്രിമെന്റ് കട്ട് ചെയ്യുവാനും, മുന്നറിയിപ്പ് നൽകുവാനും, അനധികൃതമായി ഒപ്പു രേഖപ്പെടുത്തിയ ദിവസങ്ങൾ Eligible Leave ആയി

കണക്കാക്കുവാനും നിർദ്ദേശിച്ചു. റിപ്പോർട്ടിന്റെ പകർപ്പും കണ്ടെത്തലുകളും സിൻഡിക്കേറ്റിന്റെ ശിക്ഷാ നിർദ്ദേശങ്ങളും ശ്രീ. ആഷിഖ് എ ഹഖ് -നെ അറിയിച്ച് ഇക്കാര്യത്തിൽ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ 15 ദിവസത്തിനകം മറുപടി ബോധിപ്പിക്കുന്നതിന് അവസരം നൽകാനും ടിയാന്റെ തുടർ പ്രവർത്തനങ്ങളെ നിരീക്ഷിക്കാനും തീരുമാനിച്ചു.

## Item No. 3

കൊയിലാണ്ടി പ്രാദേശിക കേന്ദ്രം ഉർദ്ദു വകുപ്പ് പ്രൊഫസർ ഡോ. കെ.സി. അതാവുള്ളഖാൻ - സസ്പെൻഷൻ - സമഗ്രമായ റിപ്പോർട്ട് നൽകുന്നത് സംബന്ധിച്ച്. (No. Ad.A3/17291/SSUS/2022)

07.02.2024 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ, ഫയൽ റെക്കോർഡുകൾ എന്നിവ പരിശോധിച്ച് 20.11.2023 തീയതിയിലെ അന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള കണ്ടെത്തലുകൾ അംഗീകരിക്കാൻ തീരുമാനിച്ചു. റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം ഗുരുതരമായ അച്ചടക്ക ലംഘനമാണ് ഡോ. കെ.സി. അതാവുള്ളഖാൻ - ന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുള്ളത് എന്നതിനാൽ ഡോ. കെ. സി. അതാവുള്ളഖാൻ പ്രവൃത്തി ചെയ്യുന്ന പ്രൊഫസർ തസ്തികയിൽ നിന്നും അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്ക് സ്ഥാനയിറക്കം ശിക്ഷയായി നൽകി ടിയാൻ അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ തുടരുമായിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന അടിസ്ഥാന ശമ്പളം നിജപ്പെടുത്തി നൽകുന്നതിനും നിർദ്ദേശിച്ചു. റിപ്പോർട്ടിന്റെ പകർപ്പും സിൻഡിക്കേറ്റ് തീരുമാനങ്ങളും ശിക്ഷാ നിർദ്ദേശങ്ങളും ഡോ. കെ. സി. അതാവുള്ളഖാനെ അറിയിച്ച് ഇക്കാര്യത്തിൽ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ 15 ദിവസത്തിനകം മറുപടി ബോധിപ്പിക്കുന്നതിന് അവസരം നൽകാനും തീരുമാനിച്ചു.

## Item No. 4

37-ാമത് ദക്ഷിണ മേഖല അന്തർ സർവകലാശാല യുവജനോത്സവം 2023-24- ബജറ്റ് വിഹിതത്തിൽ തുക റീ-അപ്രോപ്രിയേറ്റ് ചെയ്യുന്നത് സംബന്ധിച്ച്. (No. SSC/9547/SSUS/ 2023-24)

07.02.2024 ലെ ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 37-ാമത് ദക്ഷിണ മേഖല അന്തർ സർവകലാശാല യുവജനോത്സവ മത്സരങ്ങളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നതിനുള്ള ബജറ്റ് ശീർഷകം 2314-01 (Participation of Students in the Inter University Youth Festival) ൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2322-01 (Participation of Students in the National Youth Festival) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയിൽ നിന്നും 4,60,200/- രൂപ റീഅപ്രോപ്രിയേറ്റ് ചെയ്യുന്നതിന് ഉത്തരവായ ബഹു വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No. 5**

2017-18 വർഷത്തെ ക്യാമ്പസ് യൂണിയൻ പ്രവർത്തനങ്ങൾക്കും കലോത്സവത്തിനുമായി അനുവദിച്ച മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ വന്ന കാലതാമസത്തിന് പിഴ പലിശ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിത്തരണമെന്ന് സൂചിപ്പിച്ച് ഡോ.കെ.വി. അജിത് കുമാർ സമർപ്പിച്ച അപേക്ഷയിൽ തീരുമാനമെടുക്കുന്നത് സംബന്ധിച്ച്. (No. SSC/1107/SSUS/2018)

മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ വരുന്ന കാലതാമസത്തിന് പിഴ പലിശ ഒടുക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 15-07-2023 തീയതിയിലെ BillB/663/SSUS/2018 നമ്പർ സർവ്വകലാശാല കത്തിന് സർക്കാരിൽ നിന്നും 19-01-2024 ൽ വ്യക്തത വരുത്തി മറുപടി ലഭിച്ചിട്ടുള്ള തിനാൽ ഡോ. കെ.വി. അജിത്കുമാർ സമർപ്പിച്ച അപേക്ഷ നിയമപരമായി പരിഹരിക്കാൻ തീരുമാനിച്ചു. ക്രമീകരിക്കപ്പെടാതെയുള്ള മുൻകൂറുകളുടെ പട്ടിക തയ്യാറാക്കി അദാലത്ത് നടത്തി ബില്ലുകൾ സെറ്റിൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു. വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട അഡ്വാൻസ് തുകകളുടെ ക്രമീകരണത്തിന് കാലതാമസം വന്നതിൽ പിഴ പലിശ ഒഴിവാക്കി നൽകുന്നതിന് സർക്കാരിലേക്ക് കത്തെഴുതുന്നതിനും നിർദ്ദേശിച്ചു.

## Item No. 6

വിദ്യാർത്ഥി സേവന വിഭാഗത്തിൽ നിന്നും ഗ്രേസ് മാർക്കിന്റെ ഉത്തരവ് ലഭിച്ച വിദ്യാർത്ഥികൾക്ക് പരീക്ഷാ വിഭാഗത്തിൽ പ്രസ്തുത ഉത്തരവ് സമർപ്പിക്കുന്ന തിലുള്ള കാലതാമസത്തിന് പിഴ ഈടാക്കുന്നത് സംബന്ധിച്ച്. (No. EB/ 15254/ SSUS/2022)

ഗ്രേസ് മാർക്ക് ഉത്തരവ് സമർപ്പിക്കുന്നതിലെ കാലതാമസത്തിന് ഉത്തരവ് ലഭിച്ച് രണ്ട് മാസത്തിനു ശേഷം രണ്ട് വർഷം വരെ പിഴയായി പരമാവധി 200/- രൂപ ഈടാക്കുവാൻ തീരുമാനിച്ചു. കൂടാതെ പ്രസ്തുത വിഷയത്തിന്റെ ഗൗരവം എല്ലാ വിദ്യാർഥികളെയും അറിയിക്കാനും തീരുമാനിച്ചു.

## Item No. 7

ഡാൻസ് ബിരുദ ബിരുദാനന്തര പ്രാക്ടിക്കൽ പരീക്ഷകൾ നടത്തുന്നതിനായി നിയമിക്കുന്ന പുറമെ നിന്നുള്ള വിഷയ വിദഗ്ധരുടെ സിറ്റിംഗ് ഫീ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്. (No. EA/5674/SSUS/2010)

ഡാൻസ് ബിരുദ ബിരുദാനന്തര പ്രാക്ടിക്കൽ പരീക്ഷകൾ നടത്തുന്നതിനായി നിയമിക്കുന്ന പുറമെ നിന്നുള്ള വിഷയ വിദഗ്ധരുടെ സിറ്റിംഗ് ഫീ 1500/- രൂപയായി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചു.

## Item No. 8

NAAC അക്രഡിറ്റേഷൻ പ്രക്രിയ, NIRF റാങ്കിങ് എന്നിവയിൽ Research and Professional Practice എന്ന മാനദണ്ഡങ്ങളിൽ സർവകലാശാലയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്. (No. 00591/IQAC2/ SSUS/ 2024(1))

NAAC അക്രഡിറ്റേഷൻ പ്രക്രിയ, NIRF റാങ്കിങ് എന്നിവയിൽ Research and Professional Practice എന്ന മാനദണ്ഡങ്ങളിൽ സർവകലാശാലയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി Research Achievement Grant നടപ്പിലാക്കാൻ തീരുമാനിച്ചു.

## Item No. 9

2023-2024 വർഷത്തെ സെമിനാർ, ശിൽപശാല - അഡീഷണൽ പ്രൊപ്പോസലുകൾ സംബന്ധിച്ച്. (No. 02005/SOACDC/SSUS/2023(1))

അഡീഷണലായി സമർപ്പിക്കപ്പെട്ട ടി സെമിനാർ/ശിൽപശാല പ്രൊപ്പോസലുകൾ സർവകലാശാലയുടെ ഇപ്പോഴത്തെ സാമ്പത്തിക സാഹചര്യവും സാമ്പത്തിക വർഷത്തിന്റെ അവസാനമെത്തിയതും പരിഗണിച്ച് അടുത്ത സാമ്പത്തിക വർഷം പരിഗണിക്കുന്നതിന് തീരുമാനിച്ചു. വിശദമായ പഠനത്തിനായി ടി പ്രൊപ്പോസലുകൾ ഫിനാൻസ് സ്ഥിരം സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കാനും തീരുമാനിച്ചു.

## Item No. 10

Centre for Secular Studies – സ്ഥാപിക്കുന്നത് സംബന്ധിച്ച്. (No. 00611/SOACDB/ SSUS/2024(1))

ഇന്ത്യൻ ഭരണഘടനയിൽ വിരചിതമായ മതനിരപേക്ഷതാമൂല്യത്തെ പുരസ്കരിച്ചുള്ള പഠനവും അതിന്റെ മാനവമൈത്രി ആശയം എന്ന നിലയിലുള്ള സാമൂഹ്യ പ്രചാരണവും ലക്ഷ്യം വെച്ചു കൊണ്ട്, സർവകലാശാലയുടെ കാലടി മുഖ്യ കേന്ദ്രത്തിൽ, 'മതനിരപേക്ഷതാ പഠന കേന്ദ്രം' അഥവാ 'സെന്റർ ഫോർ സെക്കുലർ സ്റ്റഡീസ്' എന്ന പേരിൽ ഒരു പ്രത്യേക പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കാൻ തീരുമാനിച്ചു.

## Item No. 11

2023 ഒക്ടോബർ മാസത്തെ പരീക്ഷകളുടെ ചോദ്യക്കടലാസ് അച്ചടി - പ്രിന്റർക്ക് ബിൽ തുക അനുവദിക്കുന്നത് - സംബന്ധിച്ച്. (No. EA/21/SSUS/2020)

2023 ഒക്ടോബർ മാസത്തെ പരീക്ഷകളുടെ ചോദ്യക്കടലാസ് അച്ചടിച്ച വകയിൽ കോൺഫിഡൻഷ്യൽ പ്രിന്റർ സമർപ്പിച്ച ബിൽ തുകയായ 6,18,061/- അംഗീകരിക്കാനും ബിൽ തുകയിൽ നിന്നും GST, TDS എന്നിവ ഈടാക്കി ബാക്കി തുകയായ 5,97,827/- രൂപ പ്രിന്റർക്ക് അനുവദിക്കാനും തീരുമാനിച്ചു.

## Item No. 12

Award of Ph.D to Sri. Dhanasumod D in Sanskrit Sahitya (No. EA/PhD/796/ SSUS/2023(1))

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, it is resolved to award Ph.D to Sri. Dhanasumod D in Sanskrit Sahitya under the Faculty of Sanskrit Literature for the Ph.D thesis titled **"Hermeneutics of Bhagavadgita and India's Freedom Movement",** under the guidance of Dr. P.V. Narayanan, Professor, Department of Sanskrit Sahitya, SSUS, Kalady on the date of Viva Voce held on 24.01.2024.

# OUT OF AGENDA

## Item No. 1

FYUGP Regulation, Curriculam Frame Work എന്നിവ പരിശോധിക്കുന്നതിന് കൂടിയ മേൽനോട്ട സമിതി യോഗത്തിന്റെ ശുപാർശകൾ സംബന്ധിച്ച് :

10.02.2024 ലെ സിൻഡിക്കേറ്റ് മേൽനോട്ട സമിതിയുടെ ശിപാർശകൾ ക്കനുസൃതമായി മാറ്റം വരുത്തിയ FYUGP കോർ കമ്മിറ്റി തീരുമാനങ്ങൾ 2024 ഫെബ്രുവരി 19 ന നടക്കുന്ന അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തിനു സമർപ്പിക്കാൻ തീരുമാനിച്ചു .

## Item No. 2

2024 ഫെബ്രുവരി 18 ന കോഴിക്കോട് വച്ച് നടക്കുന്ന മുഖ്യമന്ത്രിയും ഉന്നതവിദ്യാഭ്യാസ സ്ഥാനങ്ങളിലെ വിദ്യാർത്ഥികളും തമ്മിലുള്ള മുഖാമുഖം പരിപാടിയിൽ രണ്ടു സിൻഡിക്കേറ്റ് അംഗങ്ങളും 10 വിദ്യാർത്ഥികളും പങ്കെടുക്കുന്നുണ്ട് എന്ന് ബഹു. വൈസ് ചാൻസലർ റിപ്പോർട്ട് ചെയ്തത് അംഗീകരിച്ചു.

## Item No. 3

പട്ടിക ജാതി - പട്ടിക വർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരമുള്ള റൂളും റെഗുലേഷനും അംഗീകരിക്കുന്നത് സംബന്ധിച്ച്. (No.03535/ADC3/SSUS/ 2023(1))

പട്ടിക ജാതി - പട്ടിക വർഗ്ഗ സെല്ലിന്റെ കോ-ഓർഡിനേറ്ററായ ഡോ. കെ.ആർ സജിത സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 19.12.2023 ലെ 213-ാമത് സിൻഡിക്കേറ്റ് യോഗം അംഗീകരിച്ച പട്ടിക ജാതി -പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) റൂൾസ് & റെഗുലേഷനിലെ 5-ാം അധ്യായത്തിലെ ക്ലോസ് (ഇ) 'ശിക്ഷാ നടപടികൾ' എന്നത് ക്ലോസ് (എഫ്) ആക്കുന്നതിനും ക്ലോസ് (ഇ) ആയി 'പരാതികൊടുക്കാൻ വരുന്നവരെ തടയൽ-പരാതി കൊടുക്കാൻ വരുന്നവരെ സ്നേഹപൂർവ്വമായോ, പ്രലോഭിപ്പിച്ചോ, സ്വാധീനിച്ചോ, ഭീഷണിപ്പെടുത്തിയോ, സമ്മർദ്ദത്തിലാക്കിയോ പരാതിയിൽ നിന്നു പിൻതിരിപ്പിക്കുന്നത് കുറ്റകരമാണ് ' എന്ന് കൂട്ടിച്ചേർക്കുന്നതിനും തീരുമാനിച്ചു.

## Item No. 4

സംസ്കൃത സ്കോളർഷിപ്പിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പരിഷ്കരിക്കുന്നതു - സംബന്ധിച്ച്. (No. 00529/ACDC2/SSUS/2024(1))

സർവകലാശാലയിൽ 2024 മുതൽ നടപ്പിലാക്കുന്ന നാല് വർഷ ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് സംസ്കൃത സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്ക്കരിക്കുന്നതിന് രൂപീകരിച്ച കമ്മിറ്റിയുടെ 05.02.2024 ലെ യോഗത്തിന്റെ താഴെ പറയുന്ന ശിപാർശകൾ അംഗീകരിക്കാൻ തീരുമാനിച്ചു.

1. 2024 മുതൽ ആരംഭിക്കുന്ന 4 വർഷ ബിരുദ പ്രോഗ്രാമുകൾക്ക് ഈ മാർഗനിർദേശങ്ങൾ ബാധകമാകുന്നതാണ്.

2. ഒന്നാം വർഷം സംസ്കൃത വിഭാഗങ്ങളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് ഈ സ്കോളർഷിപ്പ് നൽകുന്നത്.
3. നാല് വർഷമാണ് സ്കോളർഷിപ്പ് കാലാവധി .
4. പ്രവേശന നടപടികൾ അവസാനിച്ച ക്ലാസ് തുടങ്ങി രണ്ട് ആഴ്ചയ്ക്കകം സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.
5. ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് പ്രതിമാസം 500 /- രൂപ സ്കോളർഷിപ്പ് തുക നൽകേണ്ടതാണ് .
6. രണ്ടാം വർഷം മുതൽ സംസ്കൃതം മേജർ/ ഡബിൾ മേജർ (ഏതെങ്കിലും ഒന്ന് സംസ്കൃതം )ആയി തിരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് നാലാം വർഷം ഉൾപ്പടെ സ്കോളർഷിപ്പ് തുക നൽകേണ്ടതാണ്.
7. ഒന്നും രണ്ടും സെമസ്റ്ററുകളിൽ എല്ലാ കോഴ്സുകളും പാസാകുന്ന വിദ്യാർത്ഥികൾക്കാണ് മൂന്നാം സെമസ്റ്റർ സ്കോളർഷിപ്പ് അനുവദിക്കുന്നത്.
8. മൂന്നാം വർഷം മുതൽ Above Average grade മുതൽ മുകളിൽ ഉള്ള ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 /- രൂപ സ്കോളർഷിപ്പ് നൽകുന്നതാണ്.
9. വിദ്യാർത്ഥി ഏതെങ്കിലും സെമസ്റ്ററിൽ ഒരു കോഴ്സ് എങ്കിലും പാസാകാതെ വന്നാൽ സ്കോളർഷിപ്പ് ലിസ്റ്റിൽ നിന്നും തൊട്ടടുത്ത സെമസ്റ്റർ മുതൽ ഒഴിവാക്കുന്നതാണ് . തുടർന്ന്, ടി കോഴ്സുകൾ പാസ് ആയി വീണ്ടും അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് മുൻകാലപ്രാബല്യമില്ലാതെ സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണ്.
10. ഓരോ സെമസ്റ്ററിലും ലാറ്ററൽ എൻട്രി വഴി പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാവുന്നതാണ്. യൂണിവേഴ്സിറ്റി തലത്തിൽ അപേക്ഷ പരിശോധിച്ച് സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണ്.

11. സർവ്വകലാശാലയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് സംസ്കൃത സ്കോളർഷിപ്പ് പി.ജി. തലത്തിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

12. നിലവിലെ മാർഗനിർദേശങ്ങളിലെ ചുവടെ പറയുന്ന ക്ലോസുകൾ നിലനിർത്താവുന്നതാണ്:

- Scholarship shall be payable for 10 months in a year excluding semester break.
- The scholarship shall be disbursed on monthly basis.
- Those students who obtain a minimum of 75% or above attendance in a month are eligible for the scholarship.
- If the student discontinues the BA programme after receiving scholarship, he/she should refund the amount received from the University before obtaining TC and other certificate.
- All BA students are eligible for this scholarship ,however ,any of the students who are already availing scholarship from the University under Strengthening of Sanskrit can opt for any one of these two scholarships that is beneficial to them.
- Each student shall submit an application for the scholarship and he/she shall execute a bond on a stamp paper worth Rs. 200/-.
- The Univerity shall reserve the right to cancel or withdraw the scholarship awarded to the student at any time for valid reasons.

## Item No. 5

സർവ്വകലാശാലയിലെ അധികമായി കണ്ടെത്തിയ ഓഫീസ് അറ്റൻഡന്റ് തസ്തികകൾ പുനർവിന്യാസം ചെയ്തു ഭരണ നിർവഹണത്തിനു അത്യാവശ്യമുള്ള മറ്റു തസ്തികകളാക്കി മാറ്റുന്നത് സംബന്ധിച്ച്. (No. 00209/ADB3/SSUS/2024(1))

സ്റ്റാഫ് ആൻഡ് ലീഗൽ സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

**Item No. 6**

19.12.2023 ൽ കൂടിയ 213-മത് സിൻഡിക്കേറ്റ് യോഗ തീരുമാനത്തിലെ ഇനം നമ്പർ 50 – ലെ തീരുമാനപ്രകാരം അംഗീകരിച്ച സെമിനാർ പ്രൊപ്പോസലുകളിൽ കാലടി മുഖ്യ കേന്ദ്രം മലയാള വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ദേശീയ സെമിനാർ 2024 മാർച്ച് 13, 14 തീയതികളിൽ നടത്തുന്നതിനായി ഡോ. സുനിൽ പി ഇളയിടത്തിന് 15000/- രൂപ അനുവദിച്ചിരുന്നു. ഡോ. സുനിൽ പി ഇളയിടം 150000/- രൂപയുടെ എസ്റ്റിമേറ്റാണ് പ്രസ്തുത സെമിനാറിനായി സമർപ്പിച്ചിരുന്നത്. എന്നാൽ സിൻഡിക്കേറ്റിലേക്ക് സമർപ്പിച്ച പ്രൊപ്പോസലിൽ പിശക് പറ്റി 15000/- രൂപയാണ് കാണിച്ചിരുന്നത്. ആയതിനാൽ ടി പിശക് മാപ്പാക്കി സർവകലാശാലയുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഡോ. സുനിൽ പി ഇളയിടത്തിന് ദേശീയ സെമിനാർ നടത്തുന്നതിനായി 90000/- രൂപ അനുവദിച്ചതായി ബഹു. വൈസ് ചാൻസലർ റിപ്പോർട്ട് ചെയ്തത് അംഗീകരിച്ചു.

യോഗം 1.30 p.m ന് അവസാനിച്ചു.

**ഒപ്പ്** **ഒപ്പ്**

**രജിസ്ട്രാർ ഇൻ ചാർജ്ജ്** **വൈസ് ചാൻസലർ**